അല്ലെങ്കിൽ മാർക്കകച്ചവടംപോലെ എത്രയോ മഹാ കാര്യങ്ങളിൽ ശ്രദ്ധ പെലുത്തേണ്ട നമ്മുടെ സർവകലാശാലകൾക്ക് ഇതിനൊക്കെ സമയമെവിടെ?

30 ഡിസംബർ, 1981

[illegible] 300 സെ.മീ.

## 49. കാലവർഷം–1982

1976-ൽ 218 സെ.മീ.
1982-ൽ 220 സെ.മീ.
1961-ൽ 418 സെ.മീ.

ജൂലായ് 20-ാം തീയതി രാജ്യസഭയിൽ കാലവർഷം ചർച്ചാവിഷയമായി. കാലവർഷം പിഴച്ചിരിക്കുകയാണെന്നും, ഇതിൻഫലമായി ഇന്ത്യയിലെ ഒമ്പതു സ്റ്റേറ്റുകളിൽ പരക്കെ വരൾച്ച വന്നുചേർന്നിട്ടുണ്ടെന്നും, ഈ സ്ഥിതി തുടരുകയാണെങ്കിൽ 1979-ലേതിനേക്കാൾ കൂടുതൽ ആപത്കരമായ കൃഷിനാശം ഈയാണ്ടിൽ ഉണ്ടായേക്കാമെന്നും കൃഷിമന്ത്രി ശ്രീ റാവു ബീരേന്ദ്രസിംഹ് പ്രസ്താവിച്ചു.

ജൂൺ 1-ാം തീയതിയാണ് സാധാരണയായി കാലവർഷം ആരംഭിക്കാറ്. ഈ ആണ്ടിൽ അതു രണ്ടുദിവസം മുമ്പ്, മെയ് 30-ാം തീയതിതന്നെ, തിരുവനന്തപുരത്തു പ്രത്യക്ഷപ്പെട്ടു. അവിടെനിന്നു വടക്കോട്ട് ദക്ഷിണകൊങ്കണത്തിലേക്കും മദ്ധ്യകർണാടകത്തിലേക്കുമുള്ള അതിന്റെ പുരോഗതിയും പ്രതീക്ഷക്കൊത്തവിധത്തിലായിരുന്നു. പക്ഷേ, പതിവിലും രണ്ടാഴ്ച വൈകിയേ കാലവർഷം ബോംബെപ്രദേശത്ത് എത്തിയുള്ളൂ. മദ്ധ്യേന്ത്യയിലും കിഴക്കേ ഇന്ത്യയിലും എത്താൻ അതു് ഒരാഴ്ച വൈകിച്ചു.

ജൂൺ 17 മുതൽ ജൂലായ് 5-വരെ കാലവർഷം മുന്നേറാതെ നിന്നിടത്തു നിന്നു. പിന്നീട് അത്, ദുർബലമായ ഒരു പ്രവാഹമായി ദക്ഷിണഗുജറാത്തിൽ സൂറത്തിലോളം ചെന്നു. ഈ കാലവർഷപ്രവാഹംതന്നെ വലത്തോട്ടു തിരിഞ്ഞു് മദ്ധ്യപ്രദേശത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലും കുറച്ചു മഴ പെയ്യിച്ചു. ഉത്തരപ്രദേശത്തിലും ദില്ലിയിലും ജൂലായ് 14-ാംതീയതിയും, ഹരിയാണയിൽ ജൂലായ് 15 ാം തീയതിയും, ഹിമാചലപ്രദേശത്തിൽ ജൂലായ് 16-ാം തീയതിയും കാലവർഷം എത്തി.

അതിനുശേഷം സ്ഥിതി വഷളായി. ഗുജറാത്തിൽ ഇരുപതു ജില്ലകളിൽ പന്ത്രണ്ടിലും വേണ്ടത്ര മഴ കിട്ടിയിട്ടില്ല. രാജസ്ഥാനിൽ, ഇരുപത്താറു ജില്ലകളിൽ ഇരുപത്തിനാലും, പഞ്ചാബിൽ പന്ത്രണ്ടു ജില്ലകളിൽ പതിനൊന്നും, ഹരിയാണയിൽ പന്ത്രണ്ടു ജില്ലകളിൽ എട്ടും, ബംഗാളിൽ പതിനാറു ജില്ലകളിൽ പതിമൂന്നും ഉത്തരപ്രദേശത്തിൽ അറുപത്തഞ്ചു ജില്ലകളിൽ നാല്പത്തിരണ്ടും, മദ്ധ്യപ്രദേശത്തിൽ നാല്പത്തഞ്ചു ജില്ലകളിൽ മുപ്പത്തൊമ്പതും, മഹാരാഷ്ട്രത്തിൽ ഇരുപത്തേഴ ജില്ലകളിൽ പതിനെട്ടും, ബീഹാറിൽ മുപ്പത്തൊന്നു ജില്ലകളിൽ പത്തൊമ്പതും, ജൂലായ് മാസത്തിന്റെ മദ്ധ്യത്തിൽ മഴകിട്ടാതെ വരണ്ടുകിടക്കുകയായിരുന്നു.

മഴ പെയ്താൽ സ്ഥിതി ഇനിയും മെച്ചപ്പെടാവുന്നതേയുള്ളൂ. പക്ഷേ, പെയ്യുമെന്നതിന് എന്താണ് ഉറപ്പ്? അതിനാൽ, വരൾച്ചയെ നേരിടുന്നതിനുള്ള അടിയന്തര നടപടികളെടുക്കാൻ വിശദ നിർദ്ദേശങ്ങൾ സ്റ്റേറ്റുകൾക്ക് കേന്ദ്രം നല്കിയിട്ടുണ്ട്. കൃഷിക്കാർക്കു തൊഴിൽ, വരുമാനം, കാലിത്തീററ, കുടിനീർ എന്നിവ മുട്ടാതെ ലഭ്യമാക്കണം. വരൾച്ചയെ നേരിടുന്നതിന് ഒരു പന്ത്രണ്ടിന പരിപാടി 1979-ൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തവണയും ഇതേ പരിപാടി ആയിരിക്കും സർക്കാരുകളുടെ പ്രവർത്തനത്തിന് ആധാരം. ഉള്ള വെള്ളം പരമാവധി പിശുക്കി ചെല

വഴിക്കാൻ വരൾച്ച ബാധിച്ച പ്രദേശങ്ങളിലെ സർക്കാരുകളോട് ആവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രദേശങ്ങളിൽ കൃഷിക്കാർക്കു് ഉദാരങ്ങളായ വ്യവസ്ഥകളിൽ കടം കൊടുക്കാൻ ബാങ്കുകളോടും നിർദേശിച്ചിട്ടുണ്ട്. കേന്ദ്ര കൃഷിവകുപ്പിലെ സിക്രട്ടറി ആഴ്ചതോറും കോൺഫറൻസ് നടത്തി, കർഷകർക്കു മൂപ്പുകുറഞ്ഞ വിത്തുകൾ, കടം, വളങ്ങൾ, വിദ്യുച്ഛക്തി, ഡീസൽ, കുടിനീർ, നനനീർ മുതലായവ യഥാകാലം എത്തിക്കുന്നതിനു നടപടികൾ എടുത്തുവരുന്നു. സ്റ്റേറ്റുകൾക്കു് ഈ ആവശ്യങ്ങൾക്കായി വേണ്ടത്ര പണവും അനുവദിച്ചിട്ടുണ്ട്.

കാലവർഷത്തിന്റെ പരാജയം ഈയാണ്ടിൽ ദക്ഷിണേന്ത്യയെ എങ്ങനെയാണു ബാധിച്ചിട്ടുള്ളതെന്നതിനെപ്പറ്റി വിശദാംശങ്ങൾ അറിവായിട്ടില്ല. കേരളത്തിലെ ജലസംഭരണികളിൽ വേണ്ടത്ര വെള്ളം ഒലിച്ചെത്താത്തതിനാൽ, ഈയാണ്ടിൽ വിദ്യുച്ഛക്തിക്ഷാമം തീർച്ചയാണെന്നു് വിദ്യുച്ഛക്തി വകുപ്പിന്റെ മന്ത്രി ശ്രീ ബാലകൃഷ്ണപിള്ള പറഞ്ഞിട്ടുണ്ട്. സൈലന്റ്‌വാലിയിൽ അണകെട്ടി അട്ടപ്പാടിയിലെ കാടുകൾകൂടി നശിപ്പിക്കണമെന്ന തന്റെ ആവശ്യത്തിനു് അടിവരയിടാനാണു് അദ്ദേഹം ഈ വസ്തുത എടുത്തുദ്ധരിച്ചതു്. പക്ഷേ, ജൂലായ് 20-ാം തീയതി ആന്ധ്രപ്രദേശിലെ മേദക്കിൽവെച്ച് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പറഞ്ഞതു്, മേദക്കിൽ കുടിനീർകൂടി കിട്ടാതായിട്ടുണ്ടെങ്കിൽ അതിനു് ഒരു കാരണം കാടുകൾ വെട്ടി നശിപ്പിച്ചതാണെന്നായിരുന്നു. മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനു് മഹാരാഷ്ട്രത്തിൽ പൂണേയിലെ സ്കൂൾകുട്ടികൾ നടത്തിവരുന്ന പ്രവർത്തനങ്ങളെ പ്രധാനമന്ത്രി പ്രശംസിക്കുകയും ചെയ്തു. എന്നാലെന്തു്? പ്രധാനമന്ത്രി പറഞ്ഞതു് ശ്രീ ബാലകൃഷ്ണപിള്ള വായിക്കുമെന്നോ, വായിച്ചാൽത്തന്നെ പ്രധാനമന്ത്രിയുടെ അഭിപ്രായത്തെ അദ്ദേഹം അനുകൂലിക്കുമെന്നോ കരുതാൻ വയ്യ. അദ്ദേഹത്തിന്റെ ആവശ്യം മഴയല്ല, മറ്റെന്തോ ആണല്ലോ. അതിരിക്കട്ടെ.

കാലവർഷവും തുലാവർഷവുമാണു് ഇന്ത്യയ്ക്കു മഴ നല്കുന്നതു്. ഈ രണ്ടു വർഷങ്ങളും കൊണ്ടുവരുന്ന കാറ്റുകൾ പൊതുവെ 'മൺസൂൺ' എന്ന പേരിൽ അറിയപ്പെടുന്നു. 'കാലം' എന്നോ 'ഋതു' എന്നോ അർത്ഥമുള്ള 'മൗസം' എന്ന അറബിവാക്കിന്റെ ഇംഗ്ലീഷ് രൂപാന്തരമാണു് 'മൺസൂൺ' എന്നതു്. ഈ രണ്ടു മഴക്കാലങ്ങളായി ഇന്ത്യയിൽ ആണ്ടുതോറും ശരാശരി നൂറ്റമ്പതു കോടി ഏക്കർ-അടി വെള്ളം പെയ്തു വരുന്നുണ്ടത്രേ.

മൺസൂണുകൾ എങ്ങനെ, എവിടെ, ഉത്ഭവിക്കുന്നു എന്നോ, എന്തുകൊണ്ടു് അവ ശക്തിപ്പെടുകയോ ദുർബലമാവുകയോ ചെയ്യുന്നു എന്നോ സംശയാതീതമായി അറിവായിട്ടില്ല. 1979-ലാണു് അന്താരാഷ്ട്രീയാടിസ്ഥാനത്തിൽ ശാസ്ത്രജ്ഞന്മാർ മൺസൂണുകളെപ്പറ്റി പഠനം നടത്തിയതു്. ഈ പഠനം 'മൺസൂൺ എക്സ്പെരിമെന്റ്' (മോണെക്സ്) എന്ന പേരിൽ അറിയപ്പെട്ടു. പ്രശ്നങ്ങൾ മനസ്സിലാക്കാനല്ലാതെ ഉത്തരങ്ങൾ കണ്ടെത്താൻ മോണെക്സ് പര്യാപ്തമായിട്ടില്ല.

ഭൂമദ്ധ്യരേഖയ്ക്കു കുറുകെ, തെക്കുപടിഞ്ഞാറുനിന്നു് വടക്കുകിഴക്കോട്ടും, വടക്കുകിഴക്കുനിന്നു തെക്കുപടിഞ്ഞാറോട്ടും നിശ്ചിത കാലങ്ങളിൽ വീശുന്ന കാറ്റുകളാണു് മൺസൂണുകൾ. ഈ വായുപ്രവാഹങ്ങൾ ഓരോന്നും ഏകദേശം ആറുമാസംവീതം നിലനില്ക്കുന്നു. ഈ കാറ്റുകളെ, പ്രത്യേകിച്ചു താരതമ്യേന സൗമ്യമായ വടക്കുകിഴക്കൻ കാറ്റുകളെ, ഉപയോഗിച്ച് ഇന്ത്യാസമുദ്രത്തിൽ പായ്ക്കപ്പലുകൾ ഓടിക്കാമെന്നു് അറബി നാവികർ അതിപ്രാചീന കാലത്തുതന്നെ മനസ്സിലാക്കി. പക്ഷേ, ഈ വിവരം അവർ രഹസ്യമായി സൂക്ഷിച്ചുപോന്നു; കാരണം, ധാരാളം ആദായം നല്കിയിരുന്ന കടൽക്കച്ചവടത്തിൽ മറ്റു ജനതകൾ തങ്ങളോടു മത്സരിക്കുന്നതു് അവർ ഇഷ്ടപ്പെട്ടില്ല.

ഹിപ്പാലുസ് എന്ന ഒരു പ്രാചീനഗ്രീക്ക് നാവികൻ തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റുപയോഗിച്ച് അറേബിയയിൽനിന്ന് ദക്ഷിണേന്ത്യയിലേക്കു കപ്പലോടിച്ചു വന്നതായി രേഖയുണ്ട്. പില്ക്കാലത്ത്, ആവിക്കപ്പലുകൾ പ്രചാരത്തിൽ വരുംവരെ, മൺസൂൺ കാറ്റുകളുടെ ശക്തികൊണ്ട് ഓടുന്ന പായ്ക്കപ്പലുകളെ ഉപയോഗപ്പെടുത്തിയായിരുന്നു പാശ്ചാത്യനാവിക ശക്തികൾ ഏഷ്യയിൽ കച്ചവടവും വെട്ടിപ്പിടുത്തവും നടത്തിയത്.

തെക്കുപടിഞ്ഞാറുനിന്ന് വടക്കുകിഴക്കോട്ടു വീശുന്ന വേനല്ക്കാലക്കാറ്റുകൾ, അഥവാ കാലവർഷക്കാറ്റുകൾ, ഇന്ത്യ, ദക്ഷിണപൂർവേഷ്യ, ദക്ഷിണചൈന, ജപ്പാൻ, പശ്ചിമാഫ്രിക്കയുടെയും മദ്ധ്യാഫ്രിക്കയുടെയും ചില ഭാഗങ്ങൾ, എന്നിവിടങ്ങളിൽ മഴ വീഴ്ത്തുന്നു. വേനല്ക്കാലത്തിന്റെ ആരംഭത്തിൽ ഭൂമദ്ധ്യരേഖ കടന്നു വടക്കോട്ടുനീങ്ങുന്ന സൂര്യൻ കർക്കടകരേഖയ്ക്കു മുകളിലുള്ള വായുവിനു ചൂടേറ്റുന്നു. ചൂടുള്ള വായു ഉയർന്നു പോകുന്നതോടെ അതിന്റെ സ്ഥാനത്ത്, ഉത്തരേന്ത്യയ്ക്കു മുകളിൽ മർദം വളരെ കുറയുന്നു. ഈ പ്രദേശത്തേക്ക് ഭൂമദ്ധ്യരേഖയുടെ തെക്കുഭാഗത്തുള്ള അതിമർദ പ്രദേശത്തുനിന്നു ചൂടു കുറഞ്ഞ കാറ്റുകൾ ഒഴുകിയെത്താൻ തുടങ്ങുന്നു. ഇന്ത്യാസമുദ്രത്തിന്റെ മുകളിലൂടെ 6,500 ഓളം കിലോമീറ്റർ സഞ്ചരിച്ചുവരുന്ന ഈ കാറ്റുകളിൽ നീരാവി തിങ്ങി നിറഞ്ഞിരിക്കും. സിലോണിനു തെക്കുഭാഗത്തുവെച്ച് ഈ കാറ്റുകൾ രണ്ടു കൈവഴികളായി തിരിയുന്നു. ഇടത്തോട്ടു തിരിഞ്ഞ കാറ്റുകൾ ദക്ഷിണ കേരളത്തിലെത്തി വടക്കോട്ടു നീങ്ങുന്നു. 2,637 മീറ്ററോളം ഉയരമുള്ള പശ്ചിമഘട്ട നിരകൾ തടയുന്നതിനാൽ, ഇവ കിഴക്കോട്ടു കടക്കാതെ, പടിഞ്ഞാറൻ തീരത്തു മഴ ചൊരിയുന്നു. വലത്തോട്ടു തിരിഞ്ഞ കാറ്റുകൾ സിലോൺ ചുറ്റി ബംഗാൾ ഉൾക്കടലിലൂടെ ആന്ധ്ര ഒറീസ്സാ തീരങ്ങളിലെത്തുന്നു. ഇവയിൽ കുറേ ഭാഗം ബംഗാളിലൂടെ ആസ്സാമിലേക്കു കടക്കുന്നു. 8,848 മീറ്റർവരെ ഉയരമുള്ള ഹിമാലയ നിരകൾ ഈ കാറ്റുകളെ ഇനിയും വടക്കോട്ടുപോകാതെ ഫലപ്രദമായി തടയുന്നു. അതിനാൽ, ഈ കാറ്റുകൾ വഴിതിരിഞ്ഞ്, ഗംഗാസമതലത്തിലൂടെ പടിഞ്ഞാട്ട് ഒഴുകുന്നു. ഹിമാലയത്തിന്റെ തെക്കുവശത്തുള്ള കുന്നുകളിൽ ഇവ ധാരാളം മഴ ചൊരിയുന്നു. ആസ്സാമിൽ, 1,313 മീറ്റർ ഉയരമുള്ള 'ചെറാപുഞ്ജി' എന്ന സ്ഥലത്താണത്രേ ലോകത്തിൽ ഏറ്റവുമധികം മഴപെയ്യുന്നത്—ആണ്ടിൽ 1,142 സെന്റീമീറ്റർവരെ. കാലവർഷമേഘങ്ങൾ ഹിമാലയത്തിന്റെ വിടവുകളിലൂടെ, തിബത്തിലെ കൈലാസപർവതംവരെയെത്താറുണ്ട്. ആഷാഢമാസത്തിലെ പ്രഥമദിവസത്തിൽ (ഈ ആണ്ടിൽ അതു് ജൂൺ 22-ാം തീയതിയായിരുന്നു). മഹാരാഷ്ട്ര സംസ്ഥാനത്തിലെ നാഗപ്പൂരിനടുത്ത് രാമഗിരിയിൽ കണ്ട ഒരു മൺസൂൺ മേഘത്തിന്റെ വായിലൂടെയാണ് കൈലാസച്ചെരുവിലുള്ള അളകയെന്ന പട്ടണത്തിൽ പാർക്കുന്ന തന്റെ പത്നിക്ക് ഒരു സന്ദേശം കാളിദാസന്റെ മേഘസന്ദേശത്തിലെ കഥാനായകനായ യക്ഷൻ അയച്ചത്.

ഇന്ത്യയെ കാലവർഷം പടിഞ്ഞാറുനിന്നും കിഴക്കുനിന്നും സമീപിക്കുന്നു. കേരളത്തിലെ വിരിപ്പുകൃഷിയെപ്പോലെ ഉത്തരേന്ത്യയിലെ ഖരീഫ് വിളയും കാലവർഷത്തെ ആശ്രയിച്ചാണു നടക്കുന്നത്. കിഴക്കോട്ട് ജപ്പാൻവരെ കാലവർഷം ചെന്നെത്തുമെന്നു പറഞ്ഞുവല്ലോ. ഈ വസ്തുത മനസ്സിലാക്കാതെയാണ്, ഇൻഡോനേഷ്യയിൽ കൃഷി ചെയ്യാൻ ഡച്ചുകാർ കുരുമുളകിന്റെ തല കൊണ്ടുപോയപ്പോൾ 'അവർ തിരുവാതിര ഞാറ്റുവേല കൊണ്ടുപോവുകയില്ലല്ലോ' എന്നു സാമൂതിരിപ്പാട് ആശ്വസിച്ചത്. തിരുവാതിര ഞാറ്റുവേലയും, അക്കാലത്തെ ഇടവിട്ടുള്ള മഴയും ഇൻഡോനേഷ്യയിലുമുണ്ട്. അഗ്നിപർവതച്ചാരം വീണ്

ഫലപുഷ്ടിയാർന്ന ഇൻഡോനേഷ്യൻ മണ്ണിൽ കേരളത്തിലെക്കാൾ കൂടുതൽ സമൃദ്ധമായി കുരുമുളക് വളരുകയും ചെയ്യുന്നു. ഇന്ന് ഏററവും നല്ല കുരുമുളക് ഏററവുമധികം വിളയുന്നത് ഇൻഡോനേഷ്യയിലാണ്.

മൺസൂണുകളിൽ ആദ്യത്തേതായ കാലവർഷം വേനലിലാണെങ്കിൽ, രണ്ടാമത്തേതായ തുലാവർഷം ശരത്കാലത്തിലാണ്. ഈ കാലമാവുമ്പോഴേക്ക് ഭൂമദ്ധ്യരേഖ കടന്ന സൂര്യൻ തെക്കോട്ടു നീങ്ങി മകരവൃത്തത്തെ സമീപിക്കുന്നു. ഈ വൃത്തത്തിന്നടുത്തുള്ള പ്രദേശങ്ങളിൽ വായു ചൂടുപിടിച്ച് ഉയർന്ന് ഉണ്ടാകുന്ന ന്യൂനമർദ പ്രദേശത്തിലേക്ക്, ഉത്തരാർധഗോളത്തിലെ അതിമർദ പ്രദേശങ്ങളിൽനിന്ന വായു പ്രവഹിക്കുന്നു. പക്ഷേ, അധികഭാഗവും കരയ്ക്കു മുകളിലൂടെ സഞ്ചരിക്കുന്ന ഈ തുലാവർഷക്കാററുകൾക്ക് കാലവർഷക്കാററുകൾക്കുള്ളത്ര വേഗമില്ല; അവയിലുള്ളത്ര നീരാവിയും ഇവയിൽ സംഭരിക്കപ്പെടുന്നില്ല. ഇന്ത്യയുടെ ദക്ഷിണപൂർവതീരത്ത്, തമിഴ്നാട്ടിൽ, ഏററവുമധികം പ്രയോജനം ചെയ്യുന്നത് തുലാവർഷമാകുന്നു. പശ്ചിമഘട്ടത്തിൽ, പാലക്കാട്ടും ആരുവാമൊഴിയിലും മററുമുള്ള ചുരങ്ങളിലൂടെ ഈ മഴയുടെ ഒരംശം കേരളത്തിനും കിട്ടുന്നു.

'അവർഷണം ചാപ്യതി വർഷണം ച
ദേവോ ന ജാനാതി കുതോ മനുഷ്യഃ'

എന്നാണു പഴയ പ്രമാണം. എപ്പോൾ മഴ പെയ്യില്ലെന്നോ, എപ്പോൾ കണക്കിൽക്കവിഞ്ഞു മഴ പെയ്യുമെന്നോ, ദേവന്മാർക്കുകൂടി അറിഞ്ഞുകൂടെങ്കിൽ, മനുഷ്യരുടെ കഥ പറയേണ്ടതില്ല. എന്നാലും മഴയെപ്പററി ഒരുപാടു നാടോടിവിജ്ഞാനം, അനുഭവത്തിലൂടെ ഇന്ത്യൻകർഷകർ സംഭരിച്ചിട്ടുണ്ട്. പഴഞ്ചൊല്ലുകളിലും പഴയ പാട്ടുകളിലും മററുമായി ഈ വിജ്ഞാനം നിലനിന്നുവരുന്നു. ഇന്ത്യയിലെ കാലാവസ്ഥാപ്രവചന വകുപ്പ് മഴ സംബന്ധിച്ച 5,200 നാടോടി വിശ്വാസങ്ങൾ ശേഖരിച്ചു രേഖപ്പെടുത്തിയിട്ടുണ്ടത്രെ. നക്ഷത്രചക്രത്തിൽ സൂര്യൻ കാണപ്പെടുന്ന സ്ഥാനത്തോടു നാം മഴയെ ബന്ധപ്പെടുത്തിയിരിക്കുന്നു. സൂര്യൻ ഓരോ നക്ഷത്രത്തിൻെറയും അടുത്തു നില്ക്കുന്ന കാലമാണല്ലോ ഞാററുവേല (ഞായററു നില). വിഷു കഴിഞ്ഞാൽ നാം പാടത്തു് കന്നിനെയിറക്കുന്നു. കാർത്തിക ഞാററുവേലയിലാണ് ഏററവും അധികം ചൂട് കേരളത്തിൽ അനുഭവപ്പെടുന്നത്. രോഹിണി ഞാററുവേലയിൽ എടവപ്പാതിയോടെ, ഇവിടെ കാലവർഷം ആരംഭിക്കുന്നു. തിരുവാതിര ഞാററുവേലയിൽ തിരിമുറിയാതെ മഴ പെയ്യുന്നു. പുണർതം ഞാററുവേലയിലെ കടുത്ത മഴയെ നാം 'പുണർതത്തടിയൻ' എന്നു വിളിക്കുന്നു. വിത്തു കുതിർക്കാനും, വിതയ്ക്കാനും, ഞാറു നടാനും, കൊയ്യാനും എല്ലാം നമുക്കു 'നല്ല ദിവസ'ങ്ങളുണ്ട്. ഈ കാർഷിക പ്രക്രിയകളെല്ലാം നമ്മുടെ പാരമ്പര്യസിദ്ധമായ കാലാവസ്ഥാവിജ്ഞാനത്തോടു ഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

ഈ പാരമ്പര്യവിജ്ഞാനം ശരിയായിക്കൊള്ളണമെന്നില്ല. ദേവോ ന ജാനാതി; കുതോ മനുഷ്യഃ പക്ഷേ, ടെലിവിഷൻ ക്യാമറ ഘടിപ്പിച്ച നിരീക്ഷണോപഗ്രഹങ്ങൾ, മർദമാപികൾ, റഡാറുകൾ മുതലായ ആധുനികോപകരണങ്ങളും, പല ആണ്ടുകളിലായി സൂക്ഷ്മം രേഖപ്പെടുത്തിയ സ്ഥിതിവിവരക്കണക്കുകളും, എല്ലാം സഹായത്തിനുണ്ടായിട്ടും, ആധുനിക കാലാവസ്ഥാവിജ്ഞാനികൾ(മീററിയറോളജിസ്റ്റുകൾ) ചെയ്യുന്ന പ്രവചനങ്ങളും എഴുപത്തഞ്ചു ശതമാനത്തിലേറെ ശരിയാവാറില്ല.

1972–ൽ കാലവർഷം ഒരുപക്ഷേ, കുറച്ചു മോശമായേക്കാമെന്ന് നേരത്തേ പ്രവചിച്ചിരുന്നു. സംഭവിച്ചത് കടുത്ത വരൾച്ചയാണ്. 1978–ൽ ഉത്തരേന്ത്യയിൽ കാലവർഷം ദുർബലമായി ആരംഭിച്ചു. കർഷകർ വരൾച്ചയ്ക്കു തയ്യാറെടുത്തു. പെട്ടെന്നാണ് പെരുമഴ തുടങ്ങിയത്. ഏതാനും ദിവസ

ങ്ങൾക്കകം ബംഗാൾ, ബീഹാർ, ഉത്തരപ്രദേശം, ഹിമാചലപ്രദേശം, ഹരിയാണ, ദില്ലി, 'പഞ്ചാബ്, രാജസ്ഥാൻ, മധ്യപ്രദേശം എന്നിവിടങ്ങളിൽ ഒന്നര കോടിയിലേറെ ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലായി. ഈ വെള്ളപ്പൊക്കത്തിൽ മൂവായിരത്തിലേറെ ജനങ്ങളും രണ്ടര ലക്ഷത്തോളം കന്നുകാലികളും ചത്തുപോയി. ആറു കോടിയോളം ജനങ്ങൾ ഭവനരഹിതരായി; എണ്ണൂറേഴര കോടി രൂപ വിലയുള്ള വിള നശിച്ചു; നാനൂററിമുപ്പത്തൊന്നു കോടി രൂപയോളം വരുന്ന സ്വത്തുനാശം വേറെയുമുണ്ടായി. ആ ആണ്ടിൽ സെപ്റ്റംബർ 26, 27 തീയതികളിൽ, മുപ്പത്താറു മണിക്കൂറുകൾക്കകം കൽക്കത്തയിൽ നാല്പതു സെൻറീമീററർ മഴ പെയ്തു. കൽക്കത്താനഗരം വെള്ളത്തിനടിയിലായി. വിദ്യുച്ഛക്തി നിലച്ചു. കൽക്കത്തയുടെ ഓർമയിൽ ഈ പ്രളയം ഭീകരമായ ഒരു ദുരന്തമായി മായാതെ രേഖപ്പെട്ടു കിടക്കുന്നു.

ഈയാണ്ടിലും ഉത്തരേന്ത്യ കഠിനമായ ഒരു വരൾച്ചയെ നേരിടാൻ തയ്യാറെടുത്തിരിക്കുകയാണ്. കൃഷിമന്ത്രി രാജ്യസഭയിൽ അക്കാര്യം പ്രസ്താവിച്ചുവല്ലോ. പക്ഷേ, ഇനിയും സമയമുണ്ട്. മഴയ്ക്കു വേണമെങ്കിൽ ഇനിയും വരാം. വരണ്ടു വിണ്ട ഭൂമിയിൽ ജീവചൈതന്യം ചൊഴിപ്പിക്കാം. അല്ലെങ്കിൽ, നില്ക്കാതെ തകർത്തു പെയ്ത്, നദികളിൽ വെള്ളം പെരുപ്പിക്കാം; സമതലങ്ങളെ പ്രളയത്തിലാഴ്ത്താം. അതുമല്ലെങ്കിൽ, ജനങ്ങളുടെ ഏററവും വലിയ അത്ഭുത പ്രതീക്ഷകളെക്കൂടി കടത്തിവെച്ചുകൊണ്ട് കുറെ മാസങ്ങളോളം തീരെ മഴ പൊഴിഞ്ഞില്ലെന്നും വരാം.

ഇവയിൽ ഏതു സീനേറിയോ ആണ് യാഥാർത്ഥ്യമാകാൻ പോകുന്നത്? കാത്തിരുന്നു കാണുകതന്നെ.

22 ജൂലായ്, 1982

## 50. തുലാവർഷം

കാലവർഷത്തെപ്പററി ആഗസ്റ്റ് 15-ലെ 'കുങ്കുമ'ത്തിൽ ഈ പംക്തിയിൽ എഴുതിയിരുന്നു. കാലവർഷംപോലെ നാടകീയമല്ല തുലാവർഷത്തിന്റെ പ്രകടനം. ഇന്ത്യാസമുദ്രത്തിന്റെ തെക്കു പടിഞ്ഞാറൻ ഭാഗങ്ങളിൽ രൂപം കൊണ്ട് വടക്കു കിഴക്കോട്ട് പതുക്കെപ്പതുക്കെ നീങ്ങുന്ന കാലവർഷം സിലോണിലെത്തി രണ്ടു കൈവഴികളായിത്തിരിയുന്നതും, അവയിൽ പടിഞ്ഞാറെ കൈവഴി കേരളത്തിലൂടെയും കിഴക്കേ കൈവഴി തമിഴ്നാടിന്റെ ഉത്തരഭാഗങ്ങളിലൂടെയും വിശാലമായ ഇന്ത്യൻ ഭൂഖണ്ഡത്തിലെ വ്യത്യസ്ത പ്രദേശങ്ങളിലേക്കു കടന്നുകയറുന്നതും, രണ്ടും ഹിമാലയത്തിന്റെ താഴ്‌വരകളിലെത്തി ഒന്നായിച്ചേർന്ന് പതുക്കെപ്പതുക്കെ അപ്രത്യക്ഷമാകുന്നതും, ദിവസങ്ങളിലൂടെ നോക്കിയിരിക്കുന്നതുതന്നെ ആഹ്ലാദകരമായ ഒരനുഭവമാണ്.

കാലവർഷത്തിന്റെ തിരിച്ചുപോക്ക് എന്നു വിവരിക്കപ്പെടാവുന്ന തുലാവർഷത്തിന്, പക്ഷേ, ഈ നിയതമായ ഗതിക്രമമില്ല. ഭൂമധ്യരേഖ കടന്നു തെക്കോട്ടു നീങ്ങി മകരവൃത്തത്തെ സമീപിക്കുന്ന സൂര്യൻ, ഈ വൃത്തത്തിനടുത്തുള്ള വായുമണ്ഡലത്തിനു ചൂടു പകരുന്നു. ഈ ചൂടു നിമിത്തം ഉളവാകുന്ന ന്യൂനമർദപ്രദേശത്തിലേക്ക് ഉത്തരാർദ്ധഗോളത്തിലെ അതിമർദ്ദ പ്രദേശങ്ങളിൽനിന്ന് വായു പ്രവഹിക്കുന്നു. ഈ വായുപ്രവാഹത്തെയാണ് നാം തുലാവർഷക്കാററ് എന്നു വിളിക്കുന്നത്. അധികദൂരവും കരയ്ക്കു മുകളിലൂടെ സഞ്ചരിക്കുന്ന തുലാവർഷക്കാററിന്, കടലിനു മീതെ